മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർത്ത കേസുകളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുൻപായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാവുന്നതാണ്.

(ബി) 17-10-2013-ലെ 31512/ആർ.ഡി3/13/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന മരണ രജിസ്ട്രേഷൻ കുട്ടിയുടെ പേര് തിരുത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തെറ്റായി വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50 രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കാൻ വ്യവസ്ഥയുള്ള സാഹചര്യത്തിൽ സ്കൂളിൽ ചേർക്കുന്നതിനുമുമ്പ് കുട്ടിയുടെ പേരിൽ തിരുത്തൽ വരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോടൊപ്പം വെള്ളപേപ്പറിൽ തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, സ്കൂളിൽ ചേർത്ത ശേഷമുള്ള കേസുകളിൽ സ്കൂൾ രേഖയിലെ പോലെ പേര് തിരുത്തുന്നതിന് അപേക്ഷയോടൊപ്പം തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന 100 രൂപ മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും മാതാവ്/പിതാവ്/നിയമാനുസൃത രക്ഷകർത്താവ്/മാതാപിതാക്കൾ മരണപ്പെട്ട കേസുകളിൽ വ്യക്തി രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

ചേർത്തല മണ്ഡലത്തിലെ വികസനത്തിന് ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക കൈമാറുന്നതിലുണ്ടായ കാലതാമസം

275 (3562) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് 16-9-2014-ൽ D1.1518/2014 നമ്പരായി ആലപ്പുഴ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ചിരുന്ന ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെട്ട 9 റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് 16-7-2014-ൽ ഭരണാനുമതി ലഭിച്ച ജോലികളുടെ ഫണ്ട് റിക്വസ്റ്റ് ചീഫ് എഞ്ചിനീയർ പാസാക്കാത്തത് എന്തുകാരണത്താലാണെന്ന് പറയാമോ ; പ്രസ്തുത ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നാണെന്ന് പറയാമോ ;

(ബി) ഈ ഫയൽ ചീഫ് എഞ്ചിനീയർക്ക് ലഭിക്കുമ്പോൾ ഫണ്ട് പൊതുമരാമത്തിന് കൈമാറുന്നത് സംബന്ധിച്ച എന്തെങ്കിലും വിലക്കുകളോ ഉത്തരവുകളോ നിലവിലുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേർത്തല മണ്ഡലത്തിലെ വികസനത്തിന് മനഃപൂർവ്വമായ കാലതാമസം വരുത്തുന്നതിനായി പൊതുമരാമത്തിന് ഫണ്ട് കൈമാറാൻ തടസ്സം നിന്ന എൽ.എസ്.ജി.ഡി.ചീഫ് എഞ്ചിനീയർ ഓഫീസിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരവും ഔദ്യോഗിക മേൽവിലാസവും നൽകുമോ ; ഇവർക്കെതിരെ അടിയന്തിര നിയമനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സ്കിക്യൂട്ടീവ് എഞ്ചിനീയറുടെ 16-9-2014 -ലെ അപേക്ഷയിൽ 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ സമർപ്പിക്കാത്തതിനാലാണ് പൊതുമരാമത്ത് വകുപ്പിലേക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായത്; പ്രസ്തുത ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് 26-9-2014-ൽ ആണ്.

(ബി) 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ഫിൻ നിലവിലുണ്ടായിരുന്നു.

(സി) എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഈ വിഷയത്തിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാകാതിരുന്നതിനാലാണ് തുക യഥാസമയം അലോട്ട് ചെയ്യാൻ സാധിക്കാത്തത്. ചേർത്തല നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനായി തുക ജില്ലാ പഞ്ചായത്ത് എക്സ്കിക്യൂട്ടീവ് എഞ്ചിനീയർക്ക് അലോട്ട് ചെയ്തിട്ടുണ്ട്.

ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ റോഡുകളുടെ പുനരുദ്ധാരണം

276 (3563) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെട്ട 9 റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് 16-7-2014 -ൽ ഭരണാനുമതി ലഭിച്ച് 4 മാസങ്ങൾ കഴിഞ്ഞിട്ടും LSDG ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിന് ഫണ്ട് മാറി നൽകാത്തത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly